**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-എസ്റ്റാ- കുടുംബശ്രീ നഗര സിഡിഎസ് സംവിധാനം പ്രോജക്ട് ഓഫീസർ സ്ഥാനം പുനർനാമകരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാ)നം.708/09/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 20/3/2009**

---

പരാമർശം:- (1) സ.ഉ(സാ) നം. 222/08/തസ്വഭവ തീയതി 8/8/08.
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 6/2/09-ലെ കെഎസ്/എം/773/09 നമ്പർ കത്ത്.

**ഉത്തരവ്**

ഒന്നാം പരാമർശിത സർക്കാർ ഉത്തരവിലൂടെ നഗര-ഗ്രാമ കുടുംബശ്രീ സംവിധാനങ്ങളുടെ ബൈലോപരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പരിഷ്കരിച്ച ബൈലോ പ്രകാരം നഗരസഭയുടെ സ്ഥിരം ജീവനക്കാരിൽ നിന്നോ ഘടകസ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരിൽ നിന്നോ ഒരു ഉദ്യോഗസ്ഥനെ കുടുംബശ്രീ സിഡിഎസ് മെമ്പർ സെക്രട്ടറി ആയി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതിയ ബൈലോ നിലവിൽ വന്ന സ്ഥിതിക്ക് പ്രോജക്ട് ഓഫീസർ (യുപിഎ) എന്ന സ്ഥാന പേരിന് ഇപ്പോൾ സാധുതയില്ല എന്നും പകരം മെമ്പർ സെക്രട്ടറി, കുടുംബശ്രീ എന്ന സ്ഥാനപേര് ഉപയോഗിക്കേണ്ട താണെന്നും, ഈ സാഹചര്യത്തിൽ കുടുംബശ്രീ സി.ഡി.എസിന്റെ ഔദ്യോഗിക കത്തിടപാടുകളും ആശയവിനിയമങ്ങളും കുടുംബശ്രീ മെമ്പർ സെക്രട്ടറി എന്ന പേരിൽ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്നും പരാമർശം രണ്ടിലെ കത്തുപ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒന്നാം പരാമർശിത സർക്കാർ ഉത്തരവുപ്രകാരം പുതുക്കിയ ബൈലോ നിലവിൽ വന്ന സ്ഥിതിക്ക്, കുടുംബശ്രീ സിഡിഎസിന്റെ ഔദ്യോഗിക കത്തിടപാടുകളും ആശയവിനിമയങ്ങളും കുടുംബശ്രീ മെമ്പർ സെക്രട്ടറി എന്ന പേരിൽ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എബി പോൾ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്കും.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം).
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ,ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ് : തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ